**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 220** **18-03-2022 - ൽ മറുപടിയ്ക്ക്**

**നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. കെ. പി. എ. മജീദ് | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | തീരക്കടലിൽ നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ച് മത്സ്യബന്ധനം വ്യാപിക്കുന്നതിനാൽ ഇത്തരം സംഘങ്ങൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളുമായി സംഘർഷത്തിലാകുന്നതായുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; | (എ) | തീരക്കടലിൽ നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന തദ്ദേശീയ യന്ത്രവൽകൃത യാനങ്ങളിലെ തൊഴിലാളികളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും തമ്മിൽ സംഘർഷമുണ്ടാകുന്നതായുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ഇത്തരം സംഘങ്ങളുമായി സംഘർഷമുണ്ടായതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ തീരക്കടലിൽ നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതായി പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. അന്യസംസ്ഥാന ബോട്ടുകൾക്ക് തീരക്കടലിലൂടെ ഹാർബറുകളിലേക്കു പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഇത്തരം സംഘങ്ങളിൽ നിന്നും യൂസേഴ്സ് ഫീ ചുമത്താറുണ്ടോ; | (ബി) | തീരക്കടലിൽ നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന തദ്ദേശീയ യന്ത്രവൽകൃത യാനങ്ങളിലെ തൊഴിലാളികളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും തമ്മിൽ സംഘർഷമുണ്ടാകുന്നതായുള്ള റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ഇത്തരം സംഘങ്ങളുമായി സംഘർഷമുണ്ടായതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൂടാതെ തീരക്കടലിൽ നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതായി പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. അന്യസംസ്ഥാന ബോട്ടുകൾക്ക് തീരക്കടലിലൂടെ ഹാർബറുകളിലേക്കു പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇവരെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും മത്സ്യബന്ധന വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും, മത്സ്യത്തൊഴിലാളി പ്രതിനിധികൾ, യാനമുടമകൾ, ലേലക്കാർ, കരയോഗ പ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. അന്യ സംസ്ഥാന ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിലൂടെ ഹാർബറുകളിൽ പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പട്രോളിംഗ് ശക്തിപ്പെടുത്തിയും ഇത്തരക്കാരെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. KMFR Act, KMFR Rule എന്നിവയുടെ അടിസ്ഥാനത്തിൽ മത്സ്യബന്ധന യാനങ്ങളിൽ അവയെ നിരീക്ഷിക്കുന്നതിനുതകുന്ന തരത്തിലുള്ള ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (AIS) / വെസ്സൽ മോണിറ്ററിങ് സിസ്റ്റം (VMS) ഘടിപ്പിക്കുന്നത് നിർബ്ബന്ധമാക്കിയിട്ടുണ്ട്. ഇത്തരം നിരീക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഫിഷറീസ് സ്റ്റേഷനുകൾ ഇല്ലാത്ത കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ എന്നീ 4 ജില്ലകളിൽ പുതിയ ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും മറൈൻ എൻഫോഴ്സ്മെന്റ് പോലീസുകാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ ഫിഷറീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതോടെ ഈ 4 ജില്ലകളിലും കടൽ പട്രോളിംഗ് കൂടുതൽ കാര്യക്ഷമമാകും. പ്രധാന ഹാർബറുകളിൽ നിരീക്ഷണം ശക്തമാക്കുന്നതിനായി CCTVസംവിധാനം സ്ഥാപിക്കുന്ന പദ്ധതി ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. ഇതിനകം ഏഴ് ഹാർബറുകളിൽ പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ